# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3749 25.06.2013- ൽ മറുപടിക്ക്

### കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി രംഗത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും വേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കൈത്തറി രംഗം ഒരു ജീവിതോപാധിയായി സ്വീകരിക്കാവുന്ന തൊഴിലാണെന്ന് കരുതുന്നുവോ; | (എ)<br>&<br>(ബി) | വർഷങ്ങളായി കൈത്തറി മേഖലയിൽ നടപ്പിലാക്കിയിരുന്ന പദ്ധതികൾക്കു പുറമേ പുതുതായി സ്വയം തൊഴിൽ സംരംഭകപദ്ധതി (കൈത്തറി), പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി, കൈത്തറി സംഘങ്ങളുടെ പണിശാല നവീകരണത്തിനുള്ള ധനസഹായ പദ്ധതി, മൂല്യവർദ്ധിത ഉല്പന്നങ്ങളുടേയും, അധിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടേയും ഉല്പാദനത്തിനുള്ള പ്രോത്സാഹനപദ്ധതി, കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ, കൈത്തറി വസ്ത്രങ്ങളുടെ വിപണന പ്രോത്സാഹനത്തിനായി നാഷണൽ ഹാന്റ്ലൂം എക്സ്പോ, ഷോറൂം നിർമ്മാണത്തിനും നവീകരണത്തിനുമുള്ള പദ്ധതികൾ, ബയർ-സെല്ലർ മീറ്റുകൾ, ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന പദ്ധതി, തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കൈത്തറി രംഗം ജീവിതോപാധിയായി സ്വീകരിക്കാവുന്ന തൊഴിലാണെന്ന് കരുതുന്നു. കാരണം പുതുതായി നെയ്ത്തുതൊഴിലിലേക്ക് കടന്നുവരുന്നവർക്കും, വിവിധ കാരണങ്ങളാൽ നെയ്ത്തിൽ പിന്നോക്കം നില്ക്കുന്ന നെയ്ത്തുകാർക്കും വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഇൻകം-സപ്പോർട്ട് സ്കീമും, വിദഗ്ദ്ധരായ നെയ്ത്തുകാർക്ക് പ്രോത്സാഹനമായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറി വസ്ത്രങ്ങളിൽ നൂതന ഡിസൈനുകളും, വർക്കുകളും ആവിഷ്കരിച്ച് അവയുടെ മൂല്യവർദ്ധനവിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. എം.ജി.ബി.ബി.വൈ എന്ന ഇൻഷുറൻസ് പദ്ധതിയും, സി.റ്റി.എഫ് എന്ന പദ്ധതിയും ക്ഷേമപദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | കൈത്തറി തൊഴിലാളികൾക്ക് കൈത്തറി മേഖലയിൽ നിലനിൽക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന കൈത്തറി സംഘങ്ങളിലെ തൊഴിലാളികളുടെ നിലവിലുള്ള വേതനം എത്രയാണെന്നു പറയാമോ; വേതനം വർദ്ധിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതു വഴി എല്ലാ നെയ്ത്തുതൊഴിലാളികൾക്കും തൊഴിൽ ചെയ്യുന്ന ദിവസം കുറഞ്ഞത് 150 രൂപയുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. പ്രാവീണ്യമുള്ള നെയ്ത്തുകാർക്ക് കൂടുതൽ നെയ്യുന്നതിന് പ്രോത്സാഹനമായി വേതനത്തിനു പുറമെ, അധികമായി നെയ്യുന്ന ഉല്പന്നങ്ങൾക്ക് ഇരട്ടി വേതനം ലഭിക്കുന്നതിനുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ